ഉത്തരം

(എ) പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസ് ഗോഡൗൺ ഒഴിഞ്ഞു കൊടുക്കണമെന്ന് കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) സിവിൽ സപ്ലൈസ് കോർപ്പറേഷന് ഗോഡൗണുകൾ എടുക്കുന്നതിന് ചില നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളുണ്ട്. അപ്രകാരം ഗോഡൗണുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാറ്റി സ്ഥാപിക്കാനാണ് ഉദ്ദേശം.

ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ

45 (4084) ശ്രീമതി രാധാരാഘവൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) ഓരോ ഫോറത്തിലും എത്ര അംഗങ്ങൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിലെ അംഗങ്ങളെ നിയമിക്കുന്നതെപ്രകാരമാണ് ; അംഗങ്ങളായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതയെന്താണ് ;

(ഡി) ഇപ്പോൾ ഏതെങ്കിലും ജില്ലാ ഫോറത്തിൽ ഒഴിവുണ്ടോ ;

(ഇ) എങ്കിൽ ഏതെല്ലാം ജില്ലാ ഫോറങ്ങളിൽ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ ഫോറത്തിലും പ്രസിഡന്റിനുപുറമേ രണ്ട് അംഗങ്ങൾ വീതമുണ്ട്.

(സി) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ചെയർമാനും സംസ്ഥാന നിയമ വകുപ്പ്, ഉപഭോക്തൃ കാര്യവകുപ്പ് എന്നിവയുടെ സെക്രട്ടറിമാർ അംഗങ്ങളുമായുള്ള സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശപ്രകാരം സംസ്ഥാന സർക്കാരാണ് ജില്ലാ ഫോറങ്ങളിൽ അംഗങ്ങളെ നിയമിക്കുന്നത്. ജില്ലാ ഫോറങ്ങളിൽ അംഗമായി നിയമിക്കപ്പെടുന്നതിന് താഴെപ്പറയുന്ന യോഗ്യത ഉണ്ടായിരിക്കേണ്ടതാണ് ;

LIBRARY ARCHIVES Kerala Legislative Assembly

1. പ്രായം 35 വയസ്സിൽ കുറയാൻ പാടില്ല.

2. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബാച്ചിലർ ബിരുദത്തിൽ കുറയാത്ത വിദ്യാഭ്യാസ യോഗ്യത.

3. കഴിവും സത്യസന്ധതയും കൂടാതെ സാമ്പത്തിക ശാസ്ത്രം, നിയമം, വാണിജ്യം, അക്കൗണ്ടൻസി, വ്യവസായം, പൊതുകാര്യം അല്ലെങ്കിൽ പൊതുഭരണം എന്നീ പ്രശ്നങ്ങൾ കൈകാര്യം ചെയ്തതിൽ കുറഞ്ഞത് 10 വർഷത്തെ പരിചയം ഉള്ള വ്യക്തി.

(ഡി & ഇ) ആലപ്പുഴ, തിരുവനന്തപുരം, ജില്ലാ ഫോറങ്ങളിൽ പ്രസിഡന്റുമാരുടെയും വയനാട് ജില്ലാ ഫോറത്തിൽ ഒരു മെമ്പറുടേയും ഒഴിവുകൾ ഉണ്ട്.

ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ കേസുകൾ

46 (4085) ശ്രീ. കെ. ബാബു :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ ഒട്ടാകെ എത്ര കേസ്സുകൾ തീർപ്പാകാതെ കിടക്കുന്നുണ്ട് ;

(ബി) ഈ കേസുകളിൽ തീരുമാനമെടുക്കാൻ എത്രകാലമെടുക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രതിമാസം എത്ര പുതിയ കേസുകൾ വീതം ഈ ഫോറങ്ങളിൽ ഫയൽ ചെയ്യപ്പെടുന്നുണ്ട് ;

(ഡി) എത്ര തുകവരെയുള്ള കേസുകൾകേട്ടുതീരുമാനിക്കുവാനുള്ള അർഹത ഈ ഫോറങ്ങൾക്കുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-5-2003-ലെ കണക്കനുസരിച്ച് 6597 കേസുകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.

(ബി) മൂന്നു മുതൽ ആറുമാസക്കാലം വരെ.

(സി) ശരാശരി നാൽപ്പതോളം പുതിയ കേസുകൾ ജില്ലാഫോറങ്ങളിൽ ഫയൽ ചെയ്യപ്പെടുന്നുണ്ട്.

(ഡി) 20 ലക്ഷം രൂപവരെയുള്ള കേസുകൾ.

LIBRARY ARCHIVES Kerala Legislative Assembly